# Direct cargo ferry service between India and Maldives starts today ( Another milestone in the comprehensive bilateral relations between India and Maldives: Shri Mandaviya )

September 21, 2020

---

## ഇന്ത്യയ്ക്കും മാൽദ്വീപിനും ഇടയിൽ നേരിട്ടുള്ള കാർകോ ഫെറി സർവീസുകൾ ഇന്ന് മുതൽ ആരംഭിക്കുന്നു(ഇന്ത്യയും മാൽദ്വീപും തമ്മിലുള്ള സമഗ്രമായ ഉഭയകക്ഷി ബന്ധത്തിലെ മറ്റൊരു നാഴിക കല്ല് : ശ്രീ മാണ്ഡവ്യ)

സെപ്റ്റംബർ 21, 2020

ഇന്ത്യയ്ക്കും മാൽദ്വീപിനും ഇടയിൽ നേരിട്ടുള്ള കാർഗോ ഫെറി സർവീസ് നാവികചരക്കുകടത്ത് വിഭാഗം മന്ത്രി (സ്വതന്ത്ര ചുമതല) , ശ്രീ മൻസൂഖ് മാണ്ഡവ്യ, മാലദ്വീപ് ഗതാഗത സിവിൽ ഏവിയേഷൻ വകുപ്പ് മന്ത്രി മിസ് എയ്ഷത് നഹുല എന്നിവർ സംയുക്തമായി എന്ന് ഇ-ലോഞ്ച് ചെയ്തു.

ഇതിന്റെ ആദ്യ യാത്രയിൽ, 200 TEU ശേഷിയും 3000 MT ബ്രെയ്ക്ക് ബൾക്ക് കാർഗോയുമുള്ള കപ്പൽ ഇന്ന് തൂത്തുക്കുടിയിൽ നിന്നും കൊച്ചിയിലെത്തും, അവിടെനിന്നും വടക്കൻ മാലിദ്വീപിലെ കുൽഹുദുഫുഷി തുറമുഖത്തേയ്ക്കും ശേഷം മെയിൽ തുറമുഖത്തേക്കും എത്തിച്ചേരുന്നതാണ്.ഇത് കുൽഹുദുഫുഷി തുറമുഖത്ത് 2020 സെപ്റ്റംബർ 26 നും മെയിൽ തുറമുഖത്തു 2020 സെപ്റ്റംബർ 29 നും എത്തുന്ന രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്.ഇന്ത്യയിലെ ഷിപ്പിംഗ് കോർപ്പറേഷൻ മുഖേനെ പ്രവർത്തിപ്പിക്കപ്പെടുന്ന ഈ സേവനം മാസത്തിൽ രണ്ടു തവണ പ്രവർത്തിക്കുകയും ഇന്ത്യയും മാൽദ്വീപും തമ്മിലുള്ള ചരക്കുഗതാഗതത്തിനു ലാഭകരവും നേരിട്ടുള്ളതുമായ ഒരു ബദൽ മാർഗമാകുകയും ഹെയ്യുന്നു.

ഈ അവസരത്തിൽ സംസാരിക്കുമ്പോൾ, ഈ സർവീസ് ഇന്ത്യയും മാൽദ്വീപും തമ്മിലുള്ള സമഗ്രമായ ഉഭയകക്ഷി ബന്ധത്തിലെ മറ്റൊരു നാഴികക്കല്ലായിരിക്കുമെന്ന് നാവികചരക്കുകടത്ത് വിഭാഗം മന്ത്രി (സ്വതന്ത്ര ചുമതല) ശ്രീ മാണ്ഡവ്യ നിരീക്ഷിച്ചു. ഈ നേരിട്ടുള്ള കാർകോ സർവീസ് ഇന്ത്യയും മാൽദ്വീവും തമ്മിലുള്ള ശക്തമായ ബന്ധം കൂടുത ദൃഢപ്പെടുത്തുമെന്നും വ്യക്തിഗത ബന്ധങ്ങളും ഉഭയകക്ഷി വ്യാപാരവും മെച്ചപ്പെടുത്തുമെന്നും അഭിപ്രായപ്പെട്ടു.

മാൽദ്വീപിന്റെ ഗതാഗത സിവിൽ ഏവിയേഷൻ വകുപ്പ് മന്ത്രി മിസ്.എയ്ഷത് നഹുല, ഇന്ത്യയും മാൽദ്വീപും തമ്മിലുള്ള സൗഹൃദത്തിന്റെയും സഹകരണത്തിന്റെയും പ്രതിഫലമായി ഈ സർവീസ് ആരംഭത്തിന് നന്ദി അറിയിച്ചു.

കഴിഞ്ഞ വർഷം ജൂണിൽ നടത്തിയ സന്ദർശനത്തിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി നടത്തിയ വാഗ്ദാനത്തിന്റെയും 2020 ഓഗസ്റ്റ് 13 ന് മാൽദ്വീപ് വിദേശകാര്യമന്ത്രിയുമായി ഇന്ത്യൻ വിദേശകാര്യമന്ത്രി ഡോ: എസ ജയ്ശങ്കറുമായി നടത്തിയ വിർച്വൽ സമ്മേളനത്തിലെ പ്രസ്താവനയുടെയും പൂർത്തീകരണമാണ് ഈ സർവീസിന്റെ ആരംഭം.

നാവികഗതാഗത മന്ത്രാലയം, ഇന്ത്യൻ വിദേശകാര്യമന്ത്രാലയം എന്നിവയിലെ ഉന്നത ഉദ്യോഗസ്ഥരും മാലിദ്വീപിലെ ഉദ്യോഗസ്ഥരും സന്നിഹിതരായിരുന്നു.

**ന്യൂ ഡൽഹി**
**സെപ്റ്റംബർ 21, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.